# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 350 — 04/06/2018-ൽ മറുപടിക്ക്

## സ്വകാര്യ ലാബുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സ്വകാര്യ ആശുപത്രികളിലേയും സ്വകാര്യ നഴ്സിംഗ് ഹോമുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെയും ലാബുകളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും പരിശോധനകളിൽ ഗുണനിലവാരം ഉറപ്പുവരുത്താനും അമിത ഫീസ് ഈടാക്കുന്നത് തടയുവാനുമായി വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ), ബി) & സി) | സ്വകാര്യ ആശുപത്രികളിലേയും സ്വകാര്യ നഴ്സിംഗ് ഹോമുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെയും ലാബുകളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും പരിശോധനകളിൽ ഗുണനിലവാരം ഉറപ്പുവരുത്താനും അമിത ഫീസ് ഈടാക്കുന്നത് തടയുവാനുമായി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ 01/02/2018 ൽ കേരള നിയമസഭാ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ആക്ട് നിലവിൽ വരുമ്പോൾ സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവ അമിതഫീസ് ഈടാക്കുന്നത് തടയുവാനും ഗുണനിലവാരം ഉറപ്പുവരുത്താനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും ഒരു പരിധിവരെ കഴിയുന്നതാണ്. സേഫ് കേരള പദ്ധതി രണ്ട് വർഷമായി നിലവിലില്ല. |
| ബി) | സേഫ് കേരള പദ്ധതി വഴിയുള്ള സംസ്ഥാനത്തെ ലാബോറട്ടറി പരിശോധനകളിൽ കഴിഞ്ഞ രണ്ടുവർഷമായി കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമെന്നും എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവെന്നും എത്ര തുക ഫൈൻ ഈടാക്കിയെന്നും എത്ര എണ്ണം പൂട്ടുകയുണ്ടായിയെന്നും വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | | |
| സി) | ഇവയുടെ പ്രവർത്തനം കുറ്റമറ്റതാക്കാനായി ഇവരുടെ രജിസ്ട്രേഷൻ, നിയന്ത്രണം, ഫീസ് ഏകീകരണം എന്നിവയ്ക്ക് കർശന നിയന്ത്രണവും സമയബന്ധിതമായ പരിശോധനകളും അതുവഴി കുറ്റക്കാർക്കെതിരെ കർശന നടപടി ഉറപ്പുവരുത്താനുമായി എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ